കേരള സർക്കാർ

സംഗ്രഹം

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്—സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സംവരണാനുസൃതം പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങൾക്കുള്ള (EWS) നിയമനങ്ങളിൽ 10% സംവരണം നടപ്പിലാക്കുന്നത്—മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിയ ഉത്തരവ്—ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്

G. O. (Ms.) No.23/2022/P&EA.

*തിരുവനന്തപുരം, 2022 ഒക്ടോബർ 18.*

പരാമർശം:—1. 4-3-2020-ലെ സ.ഉ. (കൈ.) നമ്പർ 5/2020/പ്ലാനിംഗ്.

2. 28-2-2022-ലെ സ.ഉ. (കൈ.) നമ്പർ 31/2022/ഉ.ഭ.പ.വ.

3. 11-3-2022-ലെ സ.ഉ. (കൈ.) നമ്പർ 5/2022/പ്ലാനിംഗ്.

4. 4-10-2022-ലെ സ.ഉ. (കൈ.) നമ്പർ 23/2022/ഉ.ഭ.പ.വ.

## ഉത്തരവ്

പരാമർശം 1-ലെ ഉത്തരവിൽ സംസ്ഥാനത്ത് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) ഭരണഘടനയുടെ 15(6), 16(6) എന്നീ അനുച്ഛേദങ്ങൾ പ്രകാരം അർഹമായ 10% സംവരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഇത്തരം വിഭാഗങ്ങളെ നിർണ്ണയിക്കുന്നതിന് മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) പ്രസ്തുത ഉത്തരവുമായി ബന്ധപ്പെട്ട് പരാമർശം 2-ലെ നിർദ്ദേശം അനുസരിച്ച് പരാമർശം 1-ലെ ഉത്തരവിലെ **'മുന്നോക്ക വിഭാഗങ്ങളിലെ'** എന്ന പദം ഒഴിവാക്കി **'സംവരണാനുസൃതം പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തിക മായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗം'** എന്ന് മാറ്റം വരുത്തി പരാമർശം-3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(3) പരാമർശം 4 പ്രകാരം മേൽ പ്രസ്താവിച്ച വിഭാഗക്കാർക്ക് സർക്കാർ തലത്തിൽ ആനുകൂല്യം ലഭ്യമാക്കുന്നതിലേക്കായി സമർപ്പിക്കേണ്ട സാക്ഷ്യപത്രങ്ങൾക്ക് ഭേദഗതി വരുത്തിയ സാഹചര്യത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗ സംവരണങ്ങൾക്കും പരാമർശം 1-ലെ ഉത്തരവിലെ Annexure-I, Annexure-II എന്നീ മാതൃകാ ഫോറങ്ങളെ ഒഴിവാക്കിക്കൊണ്ടും പകരമായി ഈ ഉത്തരവിനോടൊപ്പം ചേർത്തിരിക്കുന്ന പുതുക്കിയ Annexure-I, Annexure-II എന്നീ മാതൃകാ ഫോറങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(4) പരാമർശം 1-ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിശ്വനാഥ് സിൻഹ.,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാർക്കും, സി.ഇ.ഒ-മാർക്കും.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

റവന്യൂ വകുപ്പ്.

പൊതുഭരണ (ഏകോപനം) വകുപ്പ്.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചരണത്തിന്).

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

*Annexure I*

# INCOME AND ASSETS CERTIFICATE TO BE PRODUCED BY ECONOMICALLY WEAKER SECTIONS OF CITIZENS IN GENERAL CATEGORY FOR THE PURPOSE OF RESERVATION UNDER CLAUSE (6) OF ARTICLE 16 OF THE CONSTITUTION

(Reservation for Employment in Public Sector Undertakings)

Certificate No. ...................... Date.........................

This is to certify that Shri/Smt./Kumari................................................ ................................................Son/daughter/wife of.................................is a resident of.......................................................................(H.E. Address) Village......................Taluk........................District...............................in Kerala, PIN Code................whose photograph is affixed below, belongs to Economically Weaker Sections in General Category (*) and that his/her family income is Rs. ..................(in words also) for the financial year........................and that his/her family does not own or possess assets exceeding the limit specified in G. O. (Ms.) No. 5/2020/ P&EA dated 4-3-2020 and that he/she does not belong to a caste/community/class which is not recognised as Scheduled Castes, Scheduled Tribes or Other Backward Classes as listed in List I, II and III in the Schedule to Rule 2 Part I, K. S. & S.S. Rs., 1958.

Recent passport size photograph of the applicant

Signature with Office Seal........................

Name...........................................................

Designation................................................

---

(*) General Category means and includes all Classes of citizens other than Scheduled Castes, Scheduled Tribes and Other Backward Classes.

*ANNEXURE II*

# CERTIFICATE TO BE PRODUCED BY THE APPLICANTS BELONGING TO ANTHYODAYA ANNAYOJANA (AAY) AND PRIORITY HOUSE HOLD (PHH) CATEGORY FOR THE PURPOSE OF RESERVATION UNDER CLAUSE (6) OF ARTICLE 16 OF THE CONSTITUTION

(Reservation for Employment in Public Sector Undertakings)

[Vide G. O. (Ms.) No. 5/2020/P&EA dated 4-3-2020]

Certificate No. ...................... Date..........................

This is to certify that Shri/Smt./Kumari ................................................ Son/daughter/wife of.................................is a resident of.....................................................(H.E. Address) Village.................Taluk.....................District....................in Kerala, Pin Code........... whose photograph is affixed below, is a member of Anthyodaya Annayojana (AAY)/Priority House Hold (PHH) and that his/her name is included in the Ration Card issued under this category and that he/she does not belong to a caste/community/class recongnised as Schedule Castes, Scheduled Tribes or Other Backward Classes in the State as listed in List I, II and III scheduled to Rule 2 Part I K.S. &S.S.Rs.,1958 and therefore he/she belongs to Economically Weaker Sections in General Category.(*)

Recent passport size photograph of the applicant

Signature............................................

Name..................................................

Designation.........................................

*(Seal)*

(*) General Category means and includes all Classes of citizens other than Scheduled Caste, Scheduled Tribe, Socially and Educationally Backward Class and Other Backward Class.